# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIV - JK 101 | 2026 April 20 | No. 5


## CIRCULAR - 8

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ മെയ്ദിന സന്ദേശം - 2026

**"ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ?"**
(മർക്കോസ് 6:3)

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ലോകമെങ്ങും കൊണ്ടാടുന്നു. തൊഴിലാളിയുടെ അവകാശങ്ങളും തൊഴിലിന്റെ മാന്യതയും സംരക്ഷിച്ചു കിട്ടുന്നതിനായി തൊഴിലാളി സമൂഹം നടത്തിയ ധീരമായ പോരാട്ടങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ഓരോ മെയ് ദിനവും. അതോടൊപ്പം തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്ന അവസരമാണ്. എല്ലാ തൊഴിലാളികൾക്കും ഹൃദയം നിറഞ്ഞ തൊഴിലാളി ദിനാശംസകൾ നേരുന്നു.

"കൃത്രിമ ബുദ്ധിയുടെ കാലഘട്ടത്തിൽ തൊഴിന്റെ മാന്യതയും തൊഴിലാളിയുടെ മഹത്വവും ചർച്ചയാക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിലും രാജ്യത്തിലും തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികളും അവസരങ്ങളും ആഴത്തിൽ ചിന്തിക്കാൻ ഇത് നമ്മെ സഹായിക്കും.

നസറത്തിലെ വിനീതനായ മരപ്പണിക്കാരനായ വിശുദ്ധ ജോസഫ്, ജോലി വെറും ഉപജീവന മാർഗമായല്ല; ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട  വിശുദ്ധ വിളിയായിട്ടാണ് കണ്ടത്. ഈ മനോഭാവമാണ് ഓരോ തൊഴിലാളിക്കും ഉണ്ടാകേണ്ടത്. വിശുദ്ധ ബൈബിൾ പറയുന്നു: "കർത്താവായ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ താമസിപ്പിച്ചു. അതിനെ കൃഷി ചെയ്യുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുവാൻ നിയോഗിച്ചു" (ഉല്പത്തി 2:15). അതിനാൽ ജോലി മനുഷ്യന്റെ ജീവൻ നിലനിർത്താനുള്ള ഒരു മാർഗം മാത്രമല്ല; അത് ദൈവത്തിന്റെ സൃഷ്ടിപരമായ ദൗത്യത്തിൽ മനുഷ്യന് ലഭിച്ചിരിക്കുന്ന പങ്കാളിത്തം കൂടിയാണ്. അതിനാൽ അവകാശങ്ങളോടൊപ്പം കടമകളും ഉത്തരവാദിത്വങ്ങളും തങ്ങൾക്കുണ്ടെന്ന് ഓരോ തൊഴിലാളിയേയും ഓർമ്മപ്പെടുത്തുന്ന അവസരം കൂടിയാണ് തൊഴിലാളിദിനം.

തൊഴിൽ കമ്പോളത്തിൽ നിന്നും പരമാവധി ലാഭം കൊയ്യാനുള്ള ത്വരയിൽ ഇന്ന് തൊഴിലാളികളും ലാഭം കൊയ്യാനുള്ള  ചൂഷണോപാധിയായി  ചുരുക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. "ഏതൊരു ജോലി സാഹചര്യത്തിന്റെയും കേന്ദ്രബിന്ദു മൂലധനമോ, കമ്പോള നിയമങ്ങളോ, ലാഭമോ ആകരുത്; മറിച്ച് വ്യക്തിയും കുടുംബവും അവരുടെ ക്ഷേമവുമായിരിക്കണം. ബാക്കിയെല്ലാം ഇതിന് പിന്നിൽ രണ്ടാമതായി മാത്രമേ വരാവൂ" (ലിയോ പതിനാലാമൻ പാപ്പ 2025 ഡിസംബർ 18 ന് തൊഴിലാളി പ്രവർത്തകർക്ക് നല്കിയ സന്ദേശം).

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയാണ് അസംഘടിത തൊഴിലാളി സമൂഹം. കൃഷി, നിർമ്മാണം, മത്സ്യബന്ധനം, ഗൃഹപരിചരണം, ചെറുകിട കച്ചവടം, സേവനം തുടങ്ങിയ വിവിധ മേഖല

കളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ രാജ്യത്തിന്റെ വികസനത്തിന് നിർണായക സംഭാവന നൽകുന്നുണ്ട്. രാജ്യത്തിന്റെ തൊഴിൽ ശക്തിയിൽ 94 ശതമാനം വരുന്ന ഈ വിഭാഗം മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി ഡി പി) 65 ശതമാനം സംഭാവന നല്കുന്നു. എന്നാൽ അവരുടെ സേവനം മിക്കവാറും അദൃശ്യവും അവഗണിക്ക പ്പെട്ടതുമായി മാറുന്നു. ജോലിസ്ഥിരതഇല്ലായ്മ, സാമൂഹ്യസുരക്ഷ പദ്ധതികളുടെ അഭാവം, കുറഞ്ഞ വേതനം, വിലക്കയറ്റം, സുരക്ഷിത മല്ലാത്ത ജോലിസ്ഥലങ്ങൾ എന്നിവ അവരുടെ ജീവിതത്തെ ദുഷ്കര മാക്കുന്നു. ഇവയെ അതിജീവിക്കാനാവശ്യമായ നിയമങ്ങളും പദ്ധതികളും, സാമ്പത്തിക പിന്തുണയും സർക്കാരുകൾ ഉറപ്പാക്കേണ്ട തുണ്ട്.

സഹകരണ - സ്വയം സഹായ സംഘങ്ങൾ ശക്തിപ്പെടു ത്തുകയും നൈപുണ്യ പരിശീലനം നേടുകയും സാമൂഹ്യസുരക്ഷ പദ്ധതികൾ പ്രയോജനപ്പെടുത്തുകയും സാമ്പത്തിക മുൻകരുതൽ ഉറപ്പാക്കുകയും ചെയ്യുകയെന്നത് തൊഴിലാളിയുടെ പ്രധാന ഉത്തര വാദിത്വമാണ്. രാജ്യത്ത് നിലവിൽ വന്നിരിക്കുന്ന പുതിയ തൊഴിൽ നിയമങ്ങൾ സംഘടിത മേഖലയെ ക്ഷീണിപ്പിക്കുന്നതും ജീവനക്കാരെ അസംഘടിത തൊഴിലാളികളായി മാറ്റുന്നതും അസംഘടിത മേഖലയെ പരിഗണിക്കാത്തതുമാണെന്ന ട്രേഡ് യൂണിയനുകളുടെ ആക്ഷേപം ശക്തമാണ്. അതിനാൽ അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും സാമൂഹിക സുരക്ഷയ്ക്കും ഊന്നൽ നല്കുന്ന അഞ്ചാം തൊഴിൽ നിയമം നിർമ്മിച്ച് പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ഈ അവസരത്തിൽ സർക്കാരിനു മുമ്പിൽ ആവശ്യമായി ഉന്നയിക്കുന്നു.

വിശുദ്ധ യാക്കോബ് ശ്ലീഹ നമുക്ക് മുന്നറിയിപ്പ് നൽകുന്നു: "നിങ്ങൾ കൊടുക്കാതെ പിടിച്ചുവച്ച തൊഴിലാളികളുടെ വേതനം നിങ്ങൾക്കെതിരെ നിലവിളിക്കുന്നു" (യാക്കോബ് 5:4).

ഇന്ന് ഈ നിലവിളികൾ ഇന്ത്യയിലെ അസംഘടിത തൊഴി ലാളികളുടെയും കുടിയേറ്റ തൊഴിലാളികളുടെയും യുവജനങ്ങളുടെയും ജീവിതത്തിൽ നിഷേധിക്കപ്പെടുന്ന അവകാശങ്ങൾക്കു വേണ്ടിയുള്ള നിലവിളികളുമാണ്.

സാങ്കേതിക പുരോഗതിയും കൃത്രിമ ബുദ്ധിയും തൊഴിൽ ലോകത്തെ മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യനെ വെറും ഒരു 'സ്രോതസ്സായും ഉപാധിയായും' മാത്രം കാണുന്ന സമീപനം ഒഴിവാക്കേണ്ടത് അനിവാര്യമാണ്. സാങ്കേതിക വിദ്യ മനുഷ്യനെ സേവിക്കാനും സഹായിക്കാനുമുള്ളതാണ്, മനുഷ്യനെ മാറ്റി സ്ഥാപി ക്കാനുള്ളതല്ല. ദാരിദ്ര്യം, കാർഷിക പ്രതിസന്ധി, തൊഴിൽ അവസര ങ്ങളുടെ കുറവ്, തൊഴിൽ സുരക്ഷിതത്വമില്ലായ്മ തുടങ്ങിയ കാരണ ങ്ങളാൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പ്രത്യേകിച്ചും യുവജന ങ്ങൾ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും വിദേശ രാജ്യങ്ങ ളിലേക്കും കുടിയേറുന്നു. പലപ്പോഴും ഈ കുടിയേറ്റം അവരെ ചൂഷണ ത്തിനും സുരക്ഷിതമല്ലാത്ത താമസത്തിനും കുടുംബ വേർപാടിനും വിധേയരാക്കുന്നു. രാജ്യത്തിന്റെ മനുഷ്യവിഭവ ശേഷിയാണ് ഇതിലൂടെ നഷ്ടമാകുന്നത്. തിരുവചനം അന്യരെ സ്വീകരിക്കാനും ദുർബലരെ സംരക്ഷിക്കാനും നമ്മെ വിളിക്കുന്നു. "നിങ്ങൾ പരദേശികളെ പീഡിപ്പിക്കരുത്; നിങ്ങൾ ഈജിപ്തിൽ പരദേശികളായിരുന്നുവല്ലോ' (പുറപ്പാട് 23:9).

കുടിയേറ്റക്കാരെ ഭാരമായി കാണാതെ സഹോദരങ്ങളായി സ്വീകരിക്കണമെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ നിരന്തരം ഓർമ്മി പ്പിക്കുന്നു. തൊഴിലാളികളുടെ ശക്തീകരണത്തിൽ തിരുസ്സഭയ്ക്ക് നിർണായക പങ്കുണ്ട്. കെ സി ബി സി ലേബർ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിലൂടെ തൊഴിലാളിനേതൃത്വം വളർത്തുന്നതിലും പെൻഷൻ, ഇൻഷുറൻസ് തുടങ്ങിയവയിലൂടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി നിലകൊള്ളുന്നു. ഇതിനായി തൊഴിലാളി ഫോറങ്ങൾ രുപീകരിച്ച് പ്രവർത്തിക്കുന്നു. നിർമ്മാണം, തയ്യൽ, ചെറുകിട കർഷകർ, മോട്ടോർ, കർഷക തൊഴിലാളി, മത്സ്യ തൊഴി ലാളി, ഗാർഹീക തൊഴിലാളി, പീടിക തൊഴിലാളികൾ തുടങ്ങിയ മേഖലകളിലാണ് ഫോറങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഇവയെ പ്രയോജന പ്പെടുത്താൻ ഓരോ തൊഴിലാളിയേയും പ്രചോദിപ്പിക്കുക എല്ലാവ രുടെയും കടമയാണ്.

യുവജനങ്ങൾക്കും സ്ത്രീകൾക്കും സംരംഭകത്വത്തിനും തൊഴിൽ അവസരങ്ങൾക്കും വേദി ഒരുക്കുന്ന പ്രവർത്തനങ്ങളും

കെ.എൽ.എം. ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ സമൂഹത്തിലെ പാർശ്വവല്കൃത വിഭാഗങ്ങൾക്ക് പ്രത്യാശയും ശക്തിയും കെ എൽ. എം. പകർന്ന് നൽകുന്നു. കത്തോലിക്കാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യവും പ്രാധാന്യമുള്ളതാണ്. തൊഴിലാളികൾക്ക് നീതിയുക്തമായ വേതനവും സാമൂഹ്യസുരക്ഷയും മാന്യമായ പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കുകയും ചെയ്യണം. സി ബി സി ഐ ലേബർ ഓഫീസും കെ സി ബി സി ലേബർ കമ്മിഷനും ഇതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മുമ്പേ നൽകിയിട്ടുണ്ട്. അവ പാലിക്കുന്നതിൽ മാനേജ്മെന്റ് ജാഗ്രത പുലർത്തണം. അപ്പോൾ സ്ഥാപനത്തിൽ സമാധാന അന്തരീക്ഷം നിലനില്ക്കും.

ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നു. എന്നിരുന്നാലും പലപ്പോഴും അവർ വേതന വ്യത്യാസവും ചൂഷണവും അവഗണനയും നേരിടുന്നു. കുടുംബത്തിന്റെയും സമൂഹ ത്തിന്റെയും വളർച്ചയ്ക്ക് സ്ത്രീകളുടെ തൊഴിൽ അനിവാര്യമാണ്. അതിനാൽ സമവേതനം, സുരക്ഷിത ജോലിസ്ഥലം, സ്ത്രീകളുടെ മാന്യതയുടെ അംഗീകാരം എന്നിവ ഉറപ്പാക്കാൻ നാം പ്രതിജ്ഞാബദ്ധരാകണം. തൊഴിൽ മനുഷ്യ പുരോഗതിക്ക് മാത്രമല്ല, അത് സൃഷ്ടിയുടെ സംരക്ഷണത്തോടും ബന്ധപ്പെട്ടതാണ്. പരിസ്ഥിതിനാശവും കാലാവസ്ഥാമാറ്റവും കർഷകരെയും മത്സ്യത്തൊഴിലാളികളെയും ഏറെ ബാധിക്കുന്നു. അതിനാൽ സ്ഥിരതയുള്ള ഉപജീവന മാർഗങ്ങളും പരിസ്ഥിതി സൗഹൃദ വികസന നയങ്ങളും നാം പിന്തുണയ്ക്കണം.

ഭാവിയിലെ തൊഴിൽലോകം നമ്മുടെ യുവജനങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നു. സാങ്കേതിക മാറ്റങ്ങളുടെ കാലത്ത് യുവജനങ്ങൾ തൊഴിലില്ലായ്മയും നൈപുണ്യ പൊരുത്തക്കേടും പോലുള്ള വെല്ലുവിളികൾ നേരിടുന്നു. അവർക്കായി നൈപുണ്യ പരിശീലനങ്ങൾ സംരംഭകത്വ അവസരങ്ങൾ, നേതൃപരിശീലനം എന്നിവ ഒരുക്കുന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്വമാണ്.

റേരും നൊവാരും മുതൽ ഫ്രത്തേലി തൂത്തി വരെയുള്ള എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തിരുസ്സഭ നിരന്തരം പഠിപ്പിക്കുന്നത് തൊഴിലാളികളുടെ മാന്യതയും അന്തസ്സുമാണ് തൊഴിലിന്റെ യഥാർത്ഥ അടിസ്ഥാനം എന്നതാണ്. ഇന്ത്യയിലെ കത്തോലിക്കാ സമൂഹമായ നാം ദരിദ്രരുടെ പക്ഷത്ത് നിലകൊള്ളുകയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും സമൂഹത്തിൽ ഐക്യം വളർത്തുകയും ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരാളും പിന്നിലാകാത്ത ഒരു സഹോദരത്വ സമ്പദ്‌വ്യവസ്ഥ ഇന്ത്യയിൽ രൂപപ്പെടുത്താൻ നാം പ്രതിജ്ഞാബദ്ധരാണ്. ഭാരണാധികാരികൾക്ക് അതിനു കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളികളുടെ മാന്യത സംരക്ഷിക്കപ്പെടുകയും കുടിയേറ്റ തൊഴിലാളികൾ മാന്യതയോടെ സ്വീകരിക്കപ്പെടുകയും യുവജനങ്ങളും സ്ത്രീകളും പ്രത്യാശയോടെ മുന്നേറുകയും സമാധാനം പുലരുകയും ചെയ്യൂ. അതാണ് യഥാർത്ഥ വികസനം. 'സമാധാനത്തിന്റെ പേരാണ് വികസനം' എന്നാണ് പോൾ ആറാമൻ പാപ്പാ പ്രബോധിപ്പിച്ചത്.

ദൈവം എല്ലാ തൊഴിലാളികളെയും അനുഗ്രഹിക്കട്ടെ. വിശുദ്ധ യൗസേപ്പ് പിതാവ് നമ്മുക്കായി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

കെ സി ബി സി ലേബർ കമ്മീഷനുവേണ്ടി,
**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി ലേബർ കമ്മീഷൻ

---

N.B.: **ഈ സർക്കുലർ 2026 ഏപ്രിൽ 26-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

# CASUS
# MAY 2026

## Discovering an Impediment Right before the Wedding

**Q:** My sister has an upcoming marriage in our Church. She is divorced for about 8 years now from her civil marriage. She did not tell her parish priest that she was civilly married because she did not think it mattered since in the Church's eyes a civil marriage is invalid. It obviously is too late to cancel her upcoming marriage since we are only a month away. Can she get married and tell the priest about her prior marriage after the wedding and go through the annulment process then. There is no way she can get an annulment in a month and right now her focus is seeing that her wedding day goes through smoothly.

Can annulments be done after one's second marriage? Will she have to let the parish priest know since he will be sending out the no objection certificate for her marriage? Will they now have to get remarried after the annulment comes through so the church considers her marriage valid? – Mary

**A:** Catholics are required to marry in a Catholic wedding ceremony, in accord with *canonical form* (c. 1108); and if they marry in a non-Catholic ceremony without first having obtained a dispensation from canonical form, the marriage is considered invalid in the eyes of the Church.

Catholics can't just decide for themselves about the validity (or not) of their marriages. Canon 1060 tells us that marriage enjoys the favor of the law - which means that when in doubt, the validity of a marriage must be upheld until the contrary is proven. In other words, unless and until the Church declares that a marriage was null, we are to assume that it is valid. It is the purview of ecclesiastical authorities to make this

sort of declaration in an official way, even if it is perfectly obvious to everybody that someone's marriage couldn't possibly be valid.

This is why the parish priest asked Mary's sister if she had ever been married before, even if only civilly. Catholic priests routinely ask this question of prospective spouses who seek to marry in a Catholic ceremony, and we see what Mary's sister did: she lied. So right away, we can see that the parish priest who is planning to celebrate the wedding of Mary's sister has absolutely no idea what he is really dealing with! He naturally believes that the bride-to-be is able to marry validly in the Church, because he was deliberately provided with false information.

Let's pause and think for a moment about what this means. Mary's sister is planning to exchange vows invalidly with her fiancé, who might be completely in the dark about all this and celebrate what she is well aware is an invalid sacrament. In so doing she is not only perpetrating a fraud on everyone present at the non-wedding but she is also deliberately mocking God. And she is planning to do all of this, because "right now her focus is seeing that her wedding day goes through smoothly".

But here's the greatest irony: if Mary's sister were to tell the parish priest the truth before the wedding ceremony, it's very possible that the diocesan Curia could declare her first civil marriage invalid for lack of canonical form right away, without even taking the case to the diocesan marriage tribunal. In other words, Mary is absolutely wrong in saying that "there is no way she can get an annulment in a month" and if her sister had told the truth from the beginning, this presumably would have already been taken care of long ago.

While we're on the subject of last-minute revelations before a wedding, it's worth mentioning that the Code of Canon Law does include a provision for Parish Priest who discover an impediment only when everything has already been prepared for the ceremony (known as

*omnia parata* cases, can.1080,§1). The canon does not apply in the case of Mary's sister, since it applies only to those impediments for which it is theoretically possible to receive a dispensation.

Let's imagine that Margaret and Samuel have been engaged for well over a year, and their wedding is scheduled for next Saturday. They diligently cooperated with their parish priest in all the required preparation and investigation, and the priest determined that they are free to get married in the Church. But let's say that a distant relative finds out about the wedding, and comes forward with evidence that Margaret and Samuel are actually first cousins! The couple honestly never knew this before, because Samuel's father died when he was a baby and nobody was ever really sure of his family background. So an impediment exists to Margaret and Samuel's marriage, since they are related within the fourth degree of the collateral line (can. 1091, §2). But the Church holds that this impediment can be dispensed by the local ordinary, to permit the marriage to take place.

But by way of contrast, we shall consider another situation. Let's presume that Mercy and David are planning to get married next month in their parish church, and they have gone through all the necessary marriage preparation in advance. The parish priest of their parish determined that nothing stands in the way of their marriage in church. But, however, one of the invited guests contacts the parish priest to say that David already has a wife and three children living in another faraway place, and he abandoned them years ago when he moved to his current home. For unknown reasons, this marriage was never reported to the parish where David had been baptized, and so it isn't noted in the parish register. It turns out that David has been lying to both Mercy and the parish priest from day one about his marital status.

Everything is already prepared for Mercy and David's wedding. Can the Diocesan Curia grant them a dispensation from the impediment of

prior bond in David's case (cf. can. 1085)? Absolutely not. The Catholic Church teaches that if you are validly married to one spouse, you cannot validly marry again while the first spouse is living. Only if the Church determines that the first marriage was invalid for some reason, can you marry someone else in the Church. The validity of David's first marriage would have to be adjudicated by the diocesan marriage tribunal, and he would be free to marry Mercy only if and when his first marriage is found to be null. In other words, there is no way to "dispense" anyone from this impediment, because the Church holds that it is a matter of divine law.

**Canons for Study: Can. 1066, Can. 1080 and Can. 1085**

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21